**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 320** | **23-08-2022 - ൽ മറുപടിയ്ക്ക്**

**സ്പെഷ്യൽ മാരേജ് ആക്ട്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി.സുമേഷ് | | ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സ്പെഷ്യൽ മാരേജ് ആക്ട് പ്രകാരം വിവാഹം രജിസ്റ്റർ ചെയ്തിട്ടുള്ളവർക്ക് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പിന്നീട് വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അവസരങ്ങളുണ്ടോ; എങ്കിൽ ആയതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ; | (എ) | ഉണ്ട്. ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥകൾക്ക് കീഴിൽ നിയമിക്കപ്പെട്ട ഒരു വിവാഹ ഓഫീസറുടെ മുമ്പാകെ നടന്ന വിവാഹത്തിന്റെ സംഗതിയിൽ, വിവാഹ രജിസ്റ്ററിലെയോ ഈ ആവശ്യത്തിനായി വച്ച് പോരുന്ന മറ്റേതെങ്കിലും രജിസ്റ്ററിലെയോ വിവാഹ ഓഫീസർ സാക്ഷ്യപ്പെടുത്തിയ ഉൾക്കുറിപ്പുകൾ സഹിതം വിവാഹത്തിലേർപ്പെട്ട കക്ഷികൾ വിവാഹ രജിസ്ട്രേഷനായി 1-ാം നമ്പർ ഫോറത്തിൽ ഒരു മെമ്മോറാണ്ടം സമർപ്പിക്കേണ്ടതാണ്. |
| (ബി) | വിവാഹ രജിസ്ട്രേഷനുമായി ബന്ധപ്പെട്ട് കഴിഞ്ഞ രണ്ട് വർഷമായി എന്തെങ്കിലും പുതിയ ഉത്തരവുകൾ നിലവിൽ വന്നിട്ടുണ്ടോ ; വിശദാംശം അറിയിക്കാമോ? | (ബി) | ഉണ്ട്.<br><br>1) തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് 23/11/2021 ൽ ആർസി3/288/2016/ തസ്വഭവ നമ്പരായി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിന്റെ പകർപ്പ് അനുബന്ധം I ആയി ചേർക്കുന്നു.<br><br>2) കോവിഡ് 19 വ്യാപന സാഹചര്യം പരിഗണിച്ച് 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്നത് വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈനായി ഹാജരായി വിവാഹം രജിസ്റ്റർ ചെയ്യുന്നത് സംബന്ധിച്ച് 09/09/2021 ൽ സ.ഉ.(സാധാ) നം. 1721/2021/തസ്വഭവ, 21/09/2021 ൽ സ.ഉ.(സാധാ) നം. 1811/2021/തസ്വഭവ, 29/11/2021 ൽ സ.ഉ.(സാധാ) നം. 2404/2021/ തസ്വഭവ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവുകളുടെ പകർപ്പ് അനുബന്ധം II ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മാതൃഭാഷ"

## കേരള സർക്കാർ

നമ്പർ.ആർസി3/288/2016/തസ്വഭവ
തദ്ദേശ സ്വയംഭരണ (ആർസി) വകുപ്പ്
തിരുവനന്തപുരം,
തീയതി: 23/11/2021

### പരിപത്രം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ സ്ഥാപനങ്ങളിൽ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലുള്ള ബുദ്ധിമുട്ട് - സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

സൂചന :- സ.ഉ.(അച്ചടി) നമ്പർ 2/2015/നിയമം തീയതി 16.02.2015.

2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം, പ്രസ്തുത ചട്ടങ്ങൾ നിലവിൽ വന്ന ശേഷം സംസ്ഥാനത്ത് നടക്കുന്ന എല്ലാ വിവാഹങ്ങളും കക്ഷികളുടെ മതഭേദമെന്യേ നിർബന്ധമായും രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ സൂചന (1) ഉത്തരവിലൂടെ ചട്ടം 6 ൽ വരുത്തിയ ഭേദഗതി പ്രകാരം "ഭാരതത്തിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമപ്രകാരമോ മതാചാരപ്രകാരമോ നടത്തപ്പെടുന്ന വിവാഹങ്ങളല്ലാതെ വിവാഹമെന്ന പേരിൽ ഏതെങ്കിലും കരാർ പ്രകാരമോ മറ്റേതെങ്കിലും വിധത്തിലോ ഉണ്ടാക്കുന്ന യാതൊരു ബന്ധവും 2008 ലെ ചട്ടങ്ങൾക്ക് കീഴിൽ രജിസ്റ്റർ ചെയ്യാവുന്നതല്ല" എന്ന ക്ലിപ്ത നിബന്ധന ഉൾപ്പെടുത്തിയിട്ടുണ്ട്.

മേൽപ്പറഞ്ഞ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, മതാചാരപ്രകാരമുള്ള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിൽ, വിവാഹത്തിലെ കക്ഷികളുടെ മതം പരിഗണിച്ച് തദ്ദേശ രജിസ്ട്രാർമാർ വ്യത്യസ്ത സമീപനം കൈക്കൊള്ളുന്നതായി നിരവധി പരാതികൾ സർക്കാരിൽ ലഭിക്കുന്നുണ്ട്. താത്കാലിക വിവാഹങ്ങൾ പോലുള്ളവ നിരുത്സാഹപ്പെടുത്താൻ ഉദ്ദേശിച്ച് ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ നിബന്ധന യഥാർത്ഥ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് തടസ്സമാകുന്നുവെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടിട്ടുള്ളതാണ്.

ബഹു. സുപ്രീം കോടതിയുടെ സീമ Vs അശ്വനി കുമാർ കേസിൽ 14/02/2006 ൽ പുറപ്പെടുവിച്ച വിധിന്യായത്തിൽ "വിവാഹം രജിസ്റ്റർ ചെയ്തു എന്നതുകൊണ്ട് മാത്രം അതൊരു സാധുതയുള്ള വിവാഹത്തിന്റെ തെളിവാകുന്നതല്ലാത്തതും ഒരു വിവാഹത്തിന്റെ സാധുത സംബന്ധിച്ച് നിർണ്ണായകമായ ഘടകമല്ലായെന്നും വിവാഹങ്ങൾ രജിസ്റ്റർ ചെയ്യുന്നതു മൂലം ആ വിവാഹബന്ധത്തിൽ ജനിക്കുന്ന കുട്ടികളുടെ സംരക്ഷണം, അവകാശം, വിവാഹിതരാകുന്ന വ്യക്തികളുടെ പ്രായം എന്നീ കാര്യങ്ങൾ സംബന്ധിച്ച മുഖ്യതെളിവായിരിക്കു"മെന്നാണ് നിരീക്ഷിച്ചിട്ടുള്ളത്.

വിവാഹങ്ങളുടെ സാധുത നിർണ്ണയിക്കപ്പെടുന്നത് കക്ഷികളുടെ മതം അടിസ്ഥാനപ്പെടുത്തി മാത്രമല്ലാത്തതും വിവാഹത്തിന്റെ സാധുത നിർണ്ണയിക്കുന്നതിന് തദ്ദേശ രജിസ്ട്രാർമാർക്ക് ക്ഷമതയില്ലാത്തതുമാണ്. മാത്രമല്ല, വിവാഹ രജിസ്ട്രേഷനായി കക്ഷികൾ നൽകുന്ന ഫോറം 1 ൽ ഉള്ള മെമ്മോറാണ്ടത്തിൽ കക്ഷികളുടെ മതമോ, വിവാഹം നടന്ന രീതിയോ രേഖപ്പെടുത്തേണ്ടതുമില്ല. നിലവിൽ, കക്ഷികൾ ജനനതീയതി തെളിയിക്കുന്നതിനായി നൽകുന്ന

സ്കൂൾ സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകളിലെ മതം സംബന്ധിച്ച രേഖപ്പെടുത്തലിന്റെയും അവരുടെ പേരിന്റെയും മറ്റും അടിസ്ഥാനത്തിലാണ് രജിസ്ട്രാർമാർ മതം നിർണ്ണയിക്കുന്നത്. അങ്ങനെയുള്ള വിവരങ്ങളുടെ അഭാവത്തിൽ കക്ഷികളിൽ നിന്ന് അധിക വിവരങ്ങൾ രജിസ്ട്രാർമാർ ആവശ്യപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചട്ടപ്രകാരം, വിവാഹ രജിസ്ട്രേഷനായി മെമ്മോറാണ്ടത്തിനൊപ്പം കക്ഷികളുടെ ജനനതിയതി തെളിയിക്കുന്നതിനുള്ള അംഗീകൃത രേഖകളും വിവാഹം നടന്നതിനുള്ള തെളിവും കക്ഷികൾ നൽകേണ്ടതാണ്. വിവാഹം നടന്നതിനുള്ള തെളിവായി, മതാധികാര സ്ഥാപനം നൽകുന്ന സാക്ഷ്യപത്രത്തിന്റെ പകർപ്പ് അല്ലെങ്കിൽ ഗസറ്റഡ് ഓഫീസർ/ എം പി/എം എൽ എ/തദ്ദേശ സ്ഥാപന അംഗം എന്നിവരിൽ ആരെങ്കിലും ഫോറം നമ്പർ 2 ൽ നൽകുന്ന ഡിക്ലറേഷനും, ഏതെങ്കിലും സ്റ്റാറ്റ്യൂട്ടറി വ്യവസ്ഥ പ്രകാരം നടന്ന വിവാഹങ്ങൾക്ക് വിവാഹ ഓഫീസർ നൽകുന്ന സാക്ഷ്യപത്രവും തെളിവായി സ്വീകരിക്കാവുന്നതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

2008 ലെ വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെയും അത് പുറപ്പെടുവിക്കുന്നതിന് ആധാരമായ ബഹു. സുപ്രീം കോടതിയുടെ സീമ Vs അശ്വനി കുമാർ കേസിൽ 14/02/2006 ൽ പുറപ്പെടുവിച്ച വിധിന്യായത്തിന്റെയും വെളിച്ചത്തിൽ, വിവാഹത്തിലെ കക്ഷികളുടെ മതമേതെന്ന രേഖയോ മതാചാരപ്രകാരമാണ് വിവാഹം നടന്നതെന്ന രേഖയോ ആവശ്യപ്പെടേണ്ടതില്ലെന്നും മെമ്മോറാണ്ടത്തിനൊപ്പം കക്ഷികളുടെ ജനനതീയതി തെളിയിക്കുന്നതിനുള്ള അംഗീകൃതരേഖകളും വിവാഹം നടന്നതിനുള്ള തെളിവായി മേൽപ്രകാരം സൂചിപ്പിച്ച രേഖകളേതെങ്കിലും ലഭിച്ചിട്ടുണ്ടെങ്കിൽ ചട്ടങ്ങളിലെ മറ്റു വ്യവസ്ഥകൾ പാലിച്ചുകൊണ്ട് വിവാഹം രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് തദ്ദേശ രജിസ്ട്രാർമാർക്കും രജിസ്ട്രാർ ജനറൽമാർക്കും നിർദ്ദേശം നൽകിക്കൊണ്ട് സ്പഷ്ടീകരണം പുറപ്പെടുവിക്കുന്നു.

**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

1. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
2. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
3. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
4. എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും തദ്ദേശ വിവാഹ രജിസ്ട്രാർമാർക്കും.( പഞ്ചായത്ത് ഡയറക്ടർ മുഖേന)
5. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് I/ ഓഡിറ്റ് II) തിരുവനന്തപുരം
6. ഡയറക്ടർ , കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം
7. എക്സിക്യൂട്ടീവ് ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ , തിരുവനന്തപുരം
8. ഐ.& പി.ആർ വെബ് & ന്യൂ മീഡിയ
9. നിയമവകുപ്പ് / തദ്ദേശ സ്വയഭരണ (ആർ.ഡി) വകുപ്പ് (ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിനായി)
10. കരുതൽ ഫയൽ / ഓഫീസ് പകർപ്പ് (ആർസി3/288/2016/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മലയാളം"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 വ്യാപന സാഹചര്യം പരിഗണിച്ച് വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ പ്രത്യേക അനുമതിയോടെ 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെ വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം.1721/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 09/09/2021

പരാമർശം: വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടറുടെ 08.01.2021 , 11.08.2021 തീയതികളിലെ PAN/10902/2020-B1(DP) നമ്പർ കത്തുകൾ.

**ഉത്തരവ്**

കോവിഡ് 19 വ്യാപന സാഹചര്യത്തിൽ വിവാഹ രജിസ്ട്രേഷൻ ഓൺലൈൻ ആക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി നിവേദനങ്ങൾ സർക്കാരിലും വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ കാര്യാലയത്തിലും ലഭിക്കുന്നുണ്ട്. ടി നിവേദനങ്ങൾ പരിശോധിച്ച് പരാമർശം 1 പ്രകാരം വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2.) വിവാഹ രജിസ്ട്രേഷൻ നടപടികൾ പാലിയ്ക്കാതെ വിദേശത്ത് പോയതിന് ശേഷം വിദേശത്തിരുന്ന് പല കക്ഷികളും കോവിഡ് 19 പശ്ചാത്തലം ചൂണ്ടികാണിച്ച് ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യാൻ ബഹു. കോടതിയെ സമീപിക്കുകയും ബഹു. കോടതി ഉത്തരവുകൾ ലഭ്യമാക്കികൊണ്ട് പല രജിസ്ട്രാർമാരും വിവാഹം രജിസ്റ്റർ ചെയ്ത് നല്കിവരുകയുമാണ്. കോവിഡ് 19 വ്യാപനസാഹചര്യം മുൻനിർത്തി പല രാജ്യങ്ങളിലും വിദേശ യാത്രക്ക് അനുമതി നിഷേധിക്കുകയും വിദേശ രാജ്യങ്ങളിൽ സ്ഥിരതാമസമാക്കിയവരുടെ തൊഴിൽ സംരക്ഷണം ലഭിക്കുന്നതിനും , താമസസൗകര്യം ലഭിക്കുന്നതിനുള്ള നിയമസാധുതയ്ക്കുമായിട്ട് വിവാഹ സർട്ടിഫിക്കറ്റ് ആധികാരിക രേഖയായി ആവശ്യപ്പെടുകയും ചെയ്യുന്ന സാഹചര്യമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ 31.12.2021 വരെ വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിനുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണെന്ന് വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ പരാമർശം 1 പ്രകാരം ശിപാർശ ചെയ്തിരുന്നു.

3.) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കോവിഡ് 19 വ്യാപന സാഹചര്യം നിലനിൽക്കുന്ന പ്രത്യേക സാഹചര്യം പരിഗണിച്ച് നാളിതുവരെ വിവാഹിതരായി വർഷങ്ങളായി ഒരുമിച്ച് താമസിക്കുകയും വിവാഹം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യാൻ സാധിക്കാതിരിക്കുകയും ചെയ്തിട്ടുള്ള ദമ്പതിമാർക്ക് അവരുടെ വിവാഹം രജിസ്റ്റർ ചെയ്യുന്നതിലേക്കായി തദ്ദേശ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരാകുവാൻ കഴിയാത്ത സാഹചര്യമുണ്ടെന്ന് രജിസ്ട്രാർക്ക് ബോധ്യപ്പെടുന്ന പക്ഷം

വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ പ്രത്യേക അനുമതിയോടെ , 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെ വീഡിയോ കോൺഫറൻസിംഗ് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ ഉപയോഗിച്ച് വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇത്തരത്തിൽ ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ വ്യാജ ഹാജരാകലുകളും ആൾമാറാട്ടങ്ങളും ഉണ്ടാകാതിരിക്കുവാൻ തദ്ദേശ രജിസ്ട്രാർമാരും വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

എല്ലാ തദ്ദേശ വിവാഹ രജിസ്ട്രാർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേനെ )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഐ.& പി ആർ വെബ് ന്യൂ മീഡിയ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് (30.06.2021 ലെ 10434/ഒപ്പീനിയൻ ഇ 2/2021 നമ്പർ കത്ത് പ്രകാരം അറിവിലേക്കായി )

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/252/2020/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മലയാളം"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 വ്യാപന സാഹചര്യം പരിഗണിച്ച് 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെ വിവാഹം ഓൺലൈനായി രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് ഭേദഗതി ചെയ്ത് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ)നം. 1811/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 21/09/2021

പരാമർശം : 09.09.2021 ലെ സ.ഉ. (സാധാ) നം. 1721/2021/തസ്വഭവ

പരാമർശം ഉത്തരവിലെ മൂന്നാം ഖണ്ഡികയിലെ " വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറലിന്റെ പ്രത്യേക അനുമതിയോടെ" എന്നത് ഒഴിവാക്കി ഭേദഗതി ഉത്തരവ് പുറപ്പെടുവിക്കുന്നു.

മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**ശാരദ മുരളീധരൻ ഐ എ എസ്**
**അഡീഷണൽ ചീഫ് സെക്രട്ടറി**

വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ , തിരുവനന്തപുരം

നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം

എല്ലാ തദ്ദേശ വിവാഹ രജിസ്ട്രാർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേനെ )

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II ), കേരള, തിരുവനന്തപുരം.

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

ഐ & പി ആർ വെബ് ന്യൂ മീഡിയ

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് (30.06.2021 ലെ 10434/ഒപ്പീനിയൻ ഇ 2/2021 നമ്പർ കത്ത് പ്രകാരം അറിവിലേക്കായി )

കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/252/2020/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

Bindu

സെക്ഷൻ ഓഫീസർ

"ഭരണഭാഷ- മലയാളം"

കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - കോവിഡ് 19 വ്യാപനസാഹചര്യം പരിഗണിച്ച് 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈൻ ആയി ഹാജരായി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവ് - അധിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ.(സാധാ)നം.2404/2021/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 29/11/2021

പരാമർശം: (1) സ.ഉ.(സാധാ) നം. 1721/2021/തസ്വഭവ, തീയതി 09.09.2021

(2) സ.ഉ.(സാധാ) നം. 1811/2021/തസ്വഭവ, തീയതി 21.09.2021

(3) വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടറുടെ 01.11.2021 ലെ PAN/10902/2020-B1(DP) നമ്പർ കത്ത്.

ഉത്തരവ്

കോവിഡ് 19 വ്യാപനസാഹചര്യം പരിഗണിച്ച് 2008 ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങളുടെ ഭേദഗതി നിലവിൽ വരുന്ന തീയതി വരെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഓൺലൈനായി വിവാഹം രജിസ്റ്റർ ചെയ്യുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച പരാമർശം (1) ഉത്തരവിൽ ഇളവുകൾ ആവശ്യപ്പെട്ട് പൊതുജനങ്ങൾ സമർപ്പിച്ച നിവേദനങ്ങളുടെയും പരാമർശം (3) പ്രകാരം വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ ആയ പഞ്ചായത്ത് ഡയറക്ടർ സ്പഷ്ടീകരണം ആവശ്യപ്പെട്ടതിന്റെയും അടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്ന അധിക നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി പരാമർശം (1) ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. 09.09.2021 ലെ സ.ഉ.(സാധാ) നം. 1721/2021/തസ്വഭവ നമ്പർ ഉത്തരവിലെ മൂന്നാം ഖണ്ഡികയിലെ മൂന്നാമത്തെ വരിയിലെ **"വിവാഹിതരായി വർഷങ്ങളായി ഒരുമിച്ച് താമസിക്കുകയും"** എന്ന നിബന്ധന ഒഴിവാക്കുന്നു. സമീപകാലത്ത് വിവാഹം കഴിഞ്ഞ് രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാതെ വിദേശത്ത് പോയവർക്കും ടി ഉത്തരവിന്റെ ആനുകൂല്യം ബാധകമാക്കേണ്ടതാണ്.
2. ദമ്പതികളിൽ വിദേശത്തുള്ളയാൾ ഒപ്പ് രേഖപ്പെടുത്തേണ്ട ഭാഗം ഒഴിച്ചിടാവുന്നതും കക്ഷി/കക്ഷികൾ നാട്ടിൽ എത്തുന്ന മുറയ്ക്ക് ഒരു മാസത്തിനകം തദ്ദേശ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരായി ഒപ്പ് രേഖപ്പെടുത്തേണ്ടതുമാണ്. ഇത് കക്ഷികളുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്. ഇക്കാര്യം രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കിയ ഉടൻ തദ്ദേശ രജിസ്ട്രാർ കക്ഷികളെ അറിയിക്കേണ്ടതാണ്. ദമ്പതികളിലൊരാൾക്ക് നേരിട്ട് ഹാജരാകുവാൻ സാധിക്കുന്ന സാഹചര്യമുണ്ടെങ്കിൽ ടിയാൾ നിർബന്ധമായും തദ്ദേശ രജിസ്ട്രാർ മുമ്പാകെ നേരിട്ട് ഹാജരാകേണ്ടതും രജിസ്റ്ററിൽ ഒപ്പ് വയ്ക്കേണ്ടതുമാണ്.
3. വ്യാജ ഹാജരാകലുകളും ആൾമാറാട്ടങ്ങളും ഒഴിവാക്കുവാൻ സാക്ഷികളുടെ സാന്നിദ്ധ്യം ഉപയോഗിക്കാവുന്നതും സാക്ഷികൾ വിദേശത്തുള്ള വധൂ-വരന്മാരെ ഓൺലൈനായി

ഹാജരാകുന്ന സമയത്ത് രജിസ്ട്രാർക്ക് ബോദ്ധ്യപ്പെടുത്തി നൽകേണ്ടതുമാണ്. ആവശ്യമുണ്ടെങ്കിൽ രജിസ്ട്രാർക്ക് ദമ്പതികളുടെ/സാക്ഷികളുടെ സത്യവാങ്മൂലം വാങ്ങി സൂക്ഷിക്കാവുന്നതുമാണ്.

4. നേരിൽ ഹാജരാകുവാൻ സാധിക്കാത്ത സാഹചര്യം തെളിയിക്കേണ്ടതുണ്ടെന്ന് രജിസ്ട്രാർക്ക് തോന്നുന്നപക്ഷം വധു/വരന്മാരുടെ പാസ്പോർട്ട് പോലുള്ള രേഖകൾ (പകർപ്പ് ഉൾപ്പടെ) പരിശോധിക്കാവുന്നതാണ്.
5. ഓൺലൈൻ ആയി ഹാജരായി രജിസ്ട്രേഷൻ നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ കക്ഷികളുടെ ഉത്തരവാദിത്തതിൽ ഏർപ്പെടുത്തേണ്ടതാണ്.
6. കക്ഷികൾ ഓൺലൈനായി ഹാജരായി നടത്തുന്ന രജിസ്ട്രേഷനുകളുടെ സംഗതിയിൽ അക്കാര്യം ഫയൽ/രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്.
7. ദമ്പതികളിൽ ഒരാൾ മരണപ്പെട്ട സംഗതിയിൽ ജീവിച്ചിരിക്കുന്നയാൾക്ക് ഉത്തരവിന്റെ ആനുകൂല്യം നല്കേണ്ടതില്ല. ഇത്തരം കേസുകളിൽ നിലവിൽ തുടർന്നുവരുന്ന രീതി തുടരേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശാരദ മുരളീധരൻ ഐ എ എസ്**

**അഡീഷണൽ ചീഫ് സെക്രട്ടറി**

1. വിവാഹ (പൊതു) മുഖ്യ രജിസ്ട്രാർ ജനറൽ & പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. നഗരകാര്യ ഡയറക്ടർ , തിരുവനന്തപുരം
3. എല്ലാ തദ്ദേശ വിവാഹ രജിസ്ട്രാർമാർക്കും ( പഞ്ചായത്ത് ഡയറക്ടർ / നഗരകാര്യ ഡയറക്ടർ മുഖേന )
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-I / ഓഡിറ്റ്-II ), കേരള, തിരുവനന്തപുരം.
5. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
6. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം. (ഉത്തരവ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
7. ഐ.& പി ആർ വെബ് ന്യൂ മീഡിയ
8. തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്
9. നിയമ (ഒപ്പീനിയൻ ഇ) വകുപ്പ് (30.06.2021 ലെ 10434/ഒപ്പീനിയൻ ഇ 2/2021 നമ്പർ കത്ത് പ്രകാരം അറിവിലേക്കായി )
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ആർസി3/252/2020/ത.സ്വ.ഭ.വ).

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ